ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് 1-ാം നിയോജക മണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്ത് നടത്തിയ പ്രവൃത്തികളുടെ വിവരം താഴെ പറയുന്നു :

കോഴിക്കോട് നഗരത്തിന്റെ ശുദ്ധ ജലവിതരണ പദ്ധതിയുടെ കാലപ്പഴക്കംചെന്ന എ.സി. പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തിയുടെ മൊത്തം അടങ്കൽ തുക 14.37 കോടി രൂപയാണ്. ഇതിൽ 1-ാം നിയോജക മണ്ഡലത്തിൽ 700.00 ലക്ഷം രൂപ അടങ്കൽ തുകയ്ക്കുള്ള പ്രവൃത്തികൾ ഉൾപ്പെടുന്നു. ഈ പ്രവൃത്തികൾ 6 റീച്ചുകൾ ആയി ടെണ്ടർ ചെയ്ത് പദ്ധതി പ്രാവർത്തികമാക്കാൻ നടപടികൾ എടുത്തുവരുന്നു. ടെണ്ടർ ചെയ്ത 6 റീച്ചുകളിൽ 1,6 ഒഴികെയുള്ള 4 റീച്ചുകൾക്ക് ലഭിച്ച ടെണ്ടറുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 1,6 റീച്ചുകൾ 2 പ്രാവശ്യം ടെണ്ടർ ചെയ്തിട്ടും കരാറുകാർ കൂട്ട് ചെയ്യാത്തതിനാൽ 2010-ലെ ഷെഡ്യൂൾ ഓഫ് റേറ്റ് അനുസരിച്ചുള്ള റീ കാസ്റ്റ് എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കോഴിക്കോട് 1-ാം നിയോജക മണ്ഡലത്തിൽ ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും), ചീഫ് എഞ്ചിനീയർ (പ്രോജക്ട്-1) എന്നിവരുടെ കീഴിൽ നടത്തിയ പ്രവൃത്തികളുടെ പേരും അടങ്കൽ തുകയും ഇപ്പോഴത്തെ അവസ്ഥയും അനുബന്ധമായി ചേർക്കുന്നു. *

മാള നിയോജക മണ്ഡലത്തിലെ മലബാർ ഇറിഗേഷൻ പാക്കേജ്

93 (690) ശ്രീ. എ. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാർ ഇറിഗേഷൻ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള മാള നിയോജക മണ്ഡലത്തിലെ വിവിധ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തുകയും ഇപ്പോഴത്തെ പ്രവർത്തന പുരോഗതിയും വിശദമാക്കുമോ ;

(ബി) ഇറിഗേഷൻ വകുപ്പുവഴി നടപ്പാക്കാനുദ്ദേശിക്കുന്ന വിവിധ പ്രവൃത്തികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ ;

(സി) ടെണ്ടർ നടപടി പൂർത്തീകരിച്ച് എഗ്രിമെന്റ് വച്ചിട്ടുള്ള ചെമ്പാളൂർ പമ്പ് ഹൗസിന്റെ പുനർ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ പമ്പ്ഹൗസ് പണി തീരുന്നതോടെ അവിടുത്തെ മോട്ടോറുകളും പമ്പുകളുംമാറ്റി പുതിയവ സ്ഥാപിച്ച് മാള നിയോജക മണ്ഡലത്തിലെ കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വെള്ളമെത്തിക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മലബാർ ഇറിഗേഷൻ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ള മാള നിയോജക മണ്ഡലത്തിലെ വിവിധ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തുകയും ഇപ്പോഴത്തെ പ്രവർത്തന പുരോഗതിയും അനുബന്ധമായി ചേർക്കുന്നു. *

(ബി) മേൽപ്പറഞ്ഞ പദ്ധതികൾക്കു പുറമെ പാലിശ്ശേരി നം. 1 LIS-ന്റെ പമ്പ് ഹൗസിന്റെ പുനരുദ്ധാരണ പ്രവൃത്തിയും പാലിശ്ശേരി നം. 2 LIS-ന്റെ പുനരുദ്ധാരണ പ്രവൃത്തികളുമാണ് മാള നിയോജക മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പുവഴി നടപ്പിലാക്കുന്നത്.

(സി) ചെമ്പാളൂർ പമ്പ്ഹൗസിന്റെ സൈറ്റ് 9-11-2010-ൽ കോൺട്രാക്ടർക്ക് കൈമാറിയിട്ടുണ്ട്. 6 മാസം പണി പൂർത്തീകരിക്കുന്നതിന് കാലാവധിയുണ്ട്.

(ഡി) പമ്പ്ഹൗസിന്റെ പണി തീരുന്നതോടെ പുതിയ മോട്ടോറും പമ്പും സ്ഥാപിച്ച് മാള നിയോജക മണ്ഡലത്തിലെ ചെമ്പാളൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിലൂടെ കൂടുതൽ പ്രദേശങ്ങളിലേക്ക് വെള്ളമെത്തിക്കുന്നതിന് സാധിക്കും.

പെരിങ്ങളം മണ്ഡലത്തിലെ ചെറുകിട ജലസേചന പദ്ധതികൾ

94 (691) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർജില്ലയിൽ പെരിങ്ങളം നിയോജക മണ്ഡലത്തിൽ 2005-10 വർഷത്തിൽ നടപ്പിലാക്കിയ ചെറുകിട ജലസേചന പദ്ധതി പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്താമോ ; ഓരോ പ്രവൃത്തികൾക്കും അനുവദിക്കപ്പെട്ട തുക എത്രയെന്ന് വെളിപ്പെടുത്തുമോ ;

(ബി) മൊകേരി പഞ്ചായത്തിലെ പാത്തിപ്പുഴയിൽ വേലൻചിറ ചടാല പാലം ഭിത്തികെട്ടി സംരക്ഷണം, കരിയാട് പഞ്ചായത്തിലെ കിടത്തിയിൽ മാഹി പുഴയുടെ ചെരുവയൽമുതൽ ചെമ്പോളി പാർശ്വസംരക്ഷണം, മാഹിപ്പുഴയുടെ പുതിയോട്ടിൽ കണ്ണോത്ത് പാർശ്വ സംരക്ഷണം, മുക്കാളിക്കര- അടിയാരിഭാഗം പാർശ്വ സംരക്ഷണം, മോന്താൽ കോവുക്കൽ കടവ് പാർശ്വ സംരക്ഷണം എന്നീ ആവശ്യങ്ങൾക്കുവേണ്ടി നൽകിയ അപേക്ഷയുടെ പുരോഗതി വെളിപ്പെടുത്തുമോ ;

(സി) കുന്നോത്ത് പറമ്പ് പഞ്ചായത്തിലെ വരമ്പ്-കുന്നുമ്മൻ തോടിന് കല്ലറയ്ക്കൽ പള്ളിക്ക് സമീപം വീ.സി.ബി.-കം-ബ്രിഡ്ജ് നിർമ്മിക്കാനും തോട് സംരക്ഷിക്കാനും നൽകിയ അപേക്ഷയിന്മേൽ എന്ത് നടപടി സ്വീകരിച്ചെന്ന് വെളിപ്പെടുത്താമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.